ബ്രഹ്മപുരം പ്ലാന്റിന്റെ സുഗമമായ പ്രവർത്തനതിന് പ്രദേശവാസികളുടേയും വിവിധ സർക്കാർ വകുപ്പുകളുടേയും പൂർണ്ണ സഹകരണം വേണം എന്ന് മേയർ സൗമിനി ജെയിൻ അഭ്യർത്ഥിച്ചു. കൊച്ചി നഗരത്തിന്റേയും സമീപ പ്രദേശങ്ങളുടേയും മാലിന്യ സംസ്കരണം ഭംഗിയായി നിറവേറ്റി പോരുന്നത് ബ്രഹ്മപുരത്തെ പ്ലാന്റിന്റെ മികച്ച പ്രവർത്തനം മൂലമാണ്. പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിന് നഗരസഭ നേരിട്ടും സർക്കാരുമായി സഹകരിച്ചും പദ്ധതികൾ ഒരുക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായി യാഥാർത്ഥ്യമായിട്ടില്ല. അതുമൂലം കുന്നുകൂടി കിടക്കുന്ന പ്ലാസ്റ്റിക് പലപ്പോഴും തീപിടിത്തം ഉണ്ടാകാറുണ്ട്. ഇനിയുമൊരു തീപിടിത്തം ഒഴിവാക്കാനുള്ള താല്കാലിക പ്രവർത്തികൾ മാത്രമാണ് ഇപ്പോൾ പ്ലാന്റിൽ ചെയ്തുവരുന്നത്. ഇത്തരം പ്രവർത്തികളുടെ സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടികാട്ടി കേസുകളും പരാതികളും നല്കുന്നത് പ്ലാന്റിന്റെ പ്രവർത്തനം സ്തംഭിപ്പിക്കാനേ ഇടയാക്കൂ. ഇത് ഗുരുതരമായ മാലിന്യ പ്രശ്നങ്ങൾ സൃഷ്ടിക്കാനേ ഉപകരിക്കൂ. മികച്ച നിലയിൽ മാലിന്യ സംസ്കരണം നടത്തുന്ന കൊച്ചിയിലെ ഒരവർത്തനങ്ങൾ അട്ടിമറിക്കനുള്ള ചിലരുടെ ഗൂഡനീക്കം ഇതിന്റെ പിന്നിൽ ഉണ്ടെന്ന് സംശയിക്കുന്നതായി മേയർ അറിയിച്ചു. സർക്കാരിന്റെ ശ്രദ്ധയിൽ കാര്യങ്ങൾ ധരിപ്പിച്ച് അവ പരിഹരിക്കാൻ ശ്രമിക്കുമെന്ന് മേയർ അറിയിച്ചു.